ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 01.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും; പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും ക്ഷേമത്തിലൂന്നിയ പ്രഖ്യാപനങ്ങളുണ്ടാകുമെന്ന് പ്രതീക്ഷ.

   **Finance Minister Nirmala Sitharaman will present the Union Budget for the financial year 2025-26 in the Lok Sabha today; Announcements on the welfare of the poor and middle class are expected.**

2. സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന നടപടികൾക്കൊപ്പം നികുതി പരിഷ്ക്കാരങ്ങൾക്കും സാധ്യത; പ്രത്യേക സാമ്പത്തിക പാക്കേജിനൊപ്പം വയനാടിനും, വിഴിഞ്ഞത്തിനും സഹായം പ്രതീക്ഷിച്ച് കേരളം.

   **Along with measures to stimulate economic growth, tax reforms are also likely; Kerala is expecting help for Wayanad and Vizhinjam along with a special economic package.**

3. ന്യൂഡൽഹി പുസ്തകമേളയ്ക്ക് ഇന്ന് ഭാരത് മണ്ഡപത്തിൽ തുടക്കമാകും; രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും.

   **The New Delhi World Book Fair will begin today at Bharat Mandapam; President Draupadi Murmu to inaugurate the Fair.**

4. **മഹാകുംഭമേളയിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും 73 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികളും ഇന്ന് പ്രയാഗ് രാജിലെത്തും.**

   **Vice President Jagdeep Dhankhar and diplomatic personalities from 73 countries will reach Prayagraj today to participate in the Mahakumbh Mela.**

5. **മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾക്ക് 25 ശതമാനവും ചൈനയ്ക്ക് 10 ശതമാനവും തീരുവ ചുമത്താൻ യു.എസ് തീരുമാനം.**

   **The US decides to impose 25 percent duty on Mexico and Canada and 10 percent on China.**

6. **ഇംഗ്ലണ്ടിനെതിരായ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം.**

   **India wins the fourth match of the T-20 cricket series against England.**

## BUDGET (INTRO)

2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. മൂന്നാം തവണയും അധികാരത്തിലേറിയ ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ രണ്ടാമത്തെ ബജറ്റാണിത്. 11 മണിക്കാണ് ബജറ്റ് അവതരണം.

വിശദാംശങ്ങളിലേയ്ക്ക്......

( ഹോൾഡ് -വോയിസ്)

## BUDGET (VOICE)

2019 ൽ ധനമന്ത്രിയായ ശേഷം നിർമ്മല സീതാരാമൻറെ തുടർച്ചയായ എട്ടാമത്തെ ബജറ്റ് അവതരണമാണിത്. കാർഷികം, വ്യാവസായികം, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ, ആരോഗ്യം, നികുതി തുടങ്ങിയ മേഖലകളിൽ സുപ്രധാന പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടായേക്കും. സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്ന നടപടികൾക്കൊപ്പം, പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും ക്ഷേമത്തിലൂന്നിയ നടപടികളും പ്രതീക്ഷിക്കാം. ഇടത്തരക്കാരുടെ ക്ഷേമത്തിലൂന്നിയായിരുന്നു രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബജറ്റ് സമ്മേളനത്തിൻറെ ആദ്യ ദിനം സംസാരിച്ചത്. നികുതി പരിഷ്ക്കാരങ്ങൾ സംബന്ധിച്ച പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷ ശക്തമാണ്. ആദായ നികുതി സ്ലാബുകളിൽ മാറ്റമുണ്ടായേക്കും. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്താനും വിലക്കയറ്റം പിടിച്ചു നിർത്താനും നടപടിയുണ്ടാകും. 2021 മുതൽ കടലാസ്സ് രഹിതമായാണ് ബജറ്റ് അവതരണം. ഫെബ്രുവരി 13 വരെയാണ് ബജറ്റ് സമ്മേളനത്തിൻറെ ആദ്യഘട്ടം. മാർച്ച് 10-ന് പുനരാരംഭിക്കുന്ന സമ്മേളനം ഏപ്രിൽ നാലിനു പിരിയും.

ന്യൂസ് ഡെസ്ക് ആകാശവാണി........

## KERALA BUDGET EXPECTATION (INTRO)

കേന്ദ്ര ബജറ്റിനെ ഏറെ പ്രതീക്ഷയോടെയാണ് കേരളവും കാത്തിരിക്കുന്നത്. വയനാടിനും, വിഴിഞ്ഞത്തിനുമായി സാമ്പത്തിക സഹായം, പ്രത്യേക സാമ്പത്തിക പാക്കേജ്, വായ്പാ പരിധിയിലെ വർദ്ധന എന്നിവയിലാണ് കേരളത്തിൻറെ പ്രതീക്ഷ. മനുഷ്യ – വന്യജീവി സംഘർഷം നേരിടുന്നതിനും പ്രത്യേക പാക്കേജ് കേരളത്തിൻറെ പ്രധാന ആവശ്യങ്ങളിൽ ഒന്നാണ്. 2,000

കോടിയുടെ സാമ്പത്തിക പാക്കേജാണ് വയനാടിന് വേണ്ടി ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്...)

ooooooooooooooooooooooooooooooo

## ECONOMIC SURVEY (INTRO)

ബജറ്റ് അവതരണത്തിന് മുന്നോടിയായി, സമ്പദ്‌വ്യവസ്ഥയുടെ പ്രകടനത്തെ സംബന്ധിച്ച സമഗ്ര അവലോകനമായ സാമ്പത്തിക സർവേ പാർലമെന്റിൻറെ ഇരുസഭകളിലും അവതരിപ്പിച്ചു. 2025–26 സാമ്പത്തിക വർഷം 6.3 ശതമാനത്തിനും 6.8 ശതമാനത്തിനും മധ്യേ വളർച്ച കൈവരിക്കുമെന്ന് സർവേയിലെ കണ്ടെത്തലുകൾ വിശദീകരിക്കവെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് വി.അനന്തനാഗേശ്വരൻ വ്യക്തമാക്കി.

(ബൈറ്റ്)

ooooooooooooooooooooooooooooooo

## LOK SABHA RAJYA SABHA MOTION OF THANKS

പാർലമെന്റിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച തിങ്കളാഴ്ച ലോക്സഭയിലും രാജ്യസഭയിലും നടക്കും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ, 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ, 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കും.

ooooooooooooooooooooooooooooooo

## NEW DELHI WORLD BOOK FAIR

ഈ വർഷത്തെ ന്യൂഡൽഹി ലോക പുസ്തകമേളയ്ക്ക് ഇന്ന് ഭാരത് മണ്ഡപത്തിൽ തുടക്കമാകും. 'നമ്മൾ ഇന്ത്യൻ ജനത' എന്നതാണ്

ഈ വർഷത്തെ പ്രമേയം. ഒമ്പത് ദിവസം നീളുന്ന മേള രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. റഷ്യ, ഫ്രാൻസ്, അർജൻ്റീന, സ്പെയിൻ, കൊളംബിയ, അബുദാബി തുടങ്ങി 50 രാജ്യങ്ങൾ മേളയുടെ ഭാഗമാകും. രണ്ടായിരത്തോളം പ്രസാധകരും ആയിരത്തോളം പ്രഭാഷകരും പങ്കെടുക്കും.

## MAHAKUMBH - VICE PREZ & DIPLOMAT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മഹാകുംഭമേളയിൽ പങ്കെടുക്കും. ത്രിവേണി സംഗമത്തിൽ അദ്ദേഹം വിശുദ്ധ സ്നാനം നടത്തും. 73 രാജ്യങ്ങളിൽ നിന്നുള്ള നയതന്ത്ര പ്രതിനിധികൾ ഇന്ന് മഹാ കുംഭമേള സന്ദർശിക്കും. സംഗമത്തിലെ വിശുദ്ധ സ്നാനത്തിന് ശേഷം അവർ അക്ഷയവത്, ബഡേ ഹനുമാൻ ക്ഷേത്രം എന്നിവയും സന്ദർശിക്കും. നേരത്തെ പത്തു രാജ്യങ്ങളിൽ നിന്നുള്ള 21 അംഗ പ്രതിനിധി സംഘവും മഹാകുംഭമേള സന്ദർശിച്ചിരുന്നു.

## US-TARIFFS

ചൈന, കാനഡ, മെക്സിക്കോ എന്നിവയുൾപ്പെടെ അമേരിക്കയുടെ പ്രധാന വ്യാപാര പങ്കാളികൾക്ക് ഇന്ന് മുതൽ വർധിപ്പിച്ച തീരുവ ചുമത്തുമെന്ന് വൈറ്റ് ഹൗസ് സ്ഥിരീകരിച്ചു. മയക്കുമരുന്നായ ഫെന്റാണിൽ യു.എസിലേക്ക് വിതരണം ചെയ്യാൻ അനുവദിച്ചതിന് മെക്സിക്കോ, കാനഡ എന്നീ രാജ്യങ്ങൾക്ക് 25 ശതമാനം തീരുവയും ചൈനയ്ക്ക് 10 ശതമാനം തീരുവയും ചുമത്തുമെന്ന് വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞു. കാനഡയും മെക്സിക്കോയും വഴി അമേരിക്കയിലേക്കുള്ള അനധികൃത കുടിയേറ്റക്കാരുടെയും അനധികൃത മയക്കുമരുന്നുകളുടെയും ഒഴുക്ക് തടയുമെന്ന് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

## MEA PM US VISIT- INTRO & VOICE

ഇന്ത്യ-അമേരിക്ക സമഗ്ര ആഗോള തന്ത്രപരപങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി യു.എസ് സന്ദർശിക്കുമെന്ന് സൂചിപ്പിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. സന്ദർശനം ആസൂത്രണം ചെയ്യുന്നതിനായി ഇരുരാജ്യങ്ങളും ബന്ധപ്പെട്ട് വരികയാണ്. സന്ദർശന തീയതി വൈകാതെ പ്രഖ്യാപിക്കുമെന്നും, മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

മുംബൈ ഭീകരാക്രമണക്കേസിലെ പ്രതി തഹാവുർ റാണയെ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ആഫ്രിക്കൻ രാജ്യമായ കോംഗോയിലെ സുരക്ഷാ സ്ഥിതിഗതികളിൽ അദ്ദേഹം ആശങ്ക പങ്കുവച്ചു. സംഘർഷമേഖലയായ ഗോമ പ്രദേശത്ത് താമസിക്കുന്ന ഇന്ത്യക്കാർക്ക്, കിൻഷാസയിലെ എംബസി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും രൺധീർ ജയ്സ്വാൾ പറഞ്ഞു.

## AAM ADMI RESIGNATION

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ആം ആദ്മി പാർട്ടിയിൽ കൂട്ടരാജി. ഏഴ് എം എൽഎമാരാണ് പാർട്ടിയിൽ നിന്ന് രാജി വച്ചത്. തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അവസരം ലഭിക്കാത്തതാണ് രാജിക്ക് കാരണം എന്നാണ് സൂചന.

## INDIA - RAMSAR SITES

പാരിസ്ഥിതിക പ്രാധാന്യമേറിയ തണ്ണീർ തടങ്ങളുടെ അന്താരാഷ്ട്ര പട്ടികയായ റാംസാർ പട്ടികയിൽ ഇന്ത്യയിൽ നിന്നുള്ള നാല്

തണ്ണീർത്തടങ്ങൾ കൂടി ഇടം നേടി. തമിഴ്നാട്ടിലെ സക്കരക്കോട്ടൈ, തേർത്തങ്കാൾ പക്ഷി സങ്കേതങ്ങൾ, സിക്കിമിലെ ഖേച്ചിയോപാൽറി തണ്ണീർത്തടം, ജാർഖണ്ഡിലെ ഉദ്ധ്വ തടാകം എന്നിവയാണ് പുതുതായി പട്ടികയിൽ ഇടം പിടിച്ചത്. ഇതോടെ പട്ടികയിലുള്ള രാജ്യത്തെ തണ്ണീർത്തടങ്ങളുടെ എണ്ണം 89 ആയി. ലോകത്ത് ഏറ്റവും അധികം റാംസാർ തണ്ണീർത്തടങ്ങളുള്ള മൂന്നാമത് രാജ്യമാണ് ഇന്ത്യ.

## CENTRE- AADHAAR

2025 ലെ ആധാർ ഒതെന്റിക്കേഷൻ ഫോർ ഗുഡ് ഗവേണൻസ് ഭേദഗതി നിയമം വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. സദ്ഭരണത്തിനായും, പൊതുതാല്പര്യം മുൻനിർത്തിയും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിൻറെ ഭാഗമായുള്ള ആധാറിൻറെ സാധുതാപരിശോധന, പൊതു-സ്വകാര്യ സ്ഥാപനങ്ങളിലേക്ക് വിപുലീകരിക്കുന്നതാണ് നിയമം. ഇ-കൊമേഴ്സ്, വിനോദസഞ്ചാരം, ഹോസ്പിറ്റാലിറ്റി, ആരോഗ്യ സേവനങ്ങൾ തുടങ്ങി നിരവധി മേഖലകളിൽ സേവനങ്ങൾ അനായാസം ലഭ്യമാകാൻ നടപടി സഹായിക്കും.

## FOREX RESERVES

ഇന്ത്യയുടെ വിദേശ നാണ്യ കരുതൽ ശേഖരത്തിൽ 5.57 ശതകോടി ഡോളർ വർധനവുണ്ടായതായി റിസർവ് ബാങ്ക്. കഴിഞ്ഞ മാസം ഇരുപത്തി നാലിന് അവസാനിച്ച ആഴ്ചയിലെ കണക്ക് പ്രകാരം, ഇന്ത്യയുടെ ഫോറെക്സ് ശേഖരം 629.55 ശതകോടി ഡോളറായി ഉയർന്നുവെന്ന് ആർ.ബി.ഐ അറിയിച്ചു.

## KERALA- KONNI MEDICAL COLLEGE

പത്തനംതിട്ട കോന്നി മെഡിക്കൽ കോളേജ് ഫോറൻസിക് ബ്ലോക്കിൻറെ ഉദ്ഘാടനം ഇന്ന് മന്ത്രി വീണാ ജോർജ് നിർവഹിക്കും. 2.09 കോടി രൂപ ചെലവിലാണ് ആധുനിക സൗകര്യങ്ങളോടെ ഫോറൻസിക് ബ്ലോക്ക് ഒരുക്കിയിരിക്കുന്നത്. കേരളത്തിലെ മികച്ച മെഡിക്കൽ കോളേജുകളിൽ ഒന്നാക്കി മാറ്റുന്നതിന് കോന്നി മെഡിക്കൽ കോളേജിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

## CRICKET - IND ENG T20

പുണെയിൽ നടന്ന ഇന്ത്യ - ഇംഗ്ലണ്ട് ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാമത്തെ മത്സരത്തിൽ ഇന്ത്യ 15 റൺസിന് ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ 3-1 ന് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്. 182 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇംഗ്ലണ്ട്, 166 റൺസിന് പുറത്താവുകയായിരുന്നു. പരമ്പരയിലെ അവസാന മത്സരം നാളെ മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കും.

## SACHIN- LIFETIME ACHIEVEMENT AWARD

ബിസിസിഐയുടെ ആജീവനാന്ത പുരസ്കാരം ഇന്ത്യയുടെ ഇതിഹാസ ക്രിക്കറ്റ് താരം സച്ചിൻ ടെണ്ടുൽക്കറിന് ഇന്ന് സമ്മാനിക്കും. മുംബൈയിൽ നടക്കുന്ന ബോർഡിൻ്റെ വാർഷിക സമ്മേളനത്തിലാണ് ആദരം. ഇന്ത്യക്കായി 664 അന്താരാഷ്ട്ര മത്സരങ്ങൾ കളിച്ച സച്ചിൻ, ടെസ്റ്റ്, ഏകദിന കളികളിലെ ഏറ്റവും ഉയർന്ന റൺസ് എന്ന റെക്കോർഡ് സ്വന്തമാക്കി. 200 ടെസ്റ്റ് മത്സരങ്ങളും 463 ഏകദിനങ്ങളും ഉൾപ്പെടെ രണ്ട് ഫോർമാറ്റുകളിലും

ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരമെന്ന റെക്കോർഡും സച്ചിൻ ടെൻഡുൽക്കർ സ്വന്തമാക്കിയിട്ടുണ്ട്.

## NATIONAL GAMES

38 -ാമത് ദേശീയ ഗെയിംസ് ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്നു. വനിതകളുടെ ബാസ്കറ്റ് ബോൾ, പുരുഷ - വനിതാ ടീമുകളുടെ വോളി ബോൾ തുടങ്ങിയ ഇനങ്ങളിലെ സെമി ഫൈനലിൽ കേരളം ഇന്നിറങ്ങും. നീന്തലിൽ കേരളത്തിന്റെ സാജൻ പ്രകാശ് , ശിവാനന്ദ് ബി.എസ്, ഹർഷിത ജയറാം, ഭദ്ര സുദീവൻ തുടങ്ങിയവരും ഇന്ന് മത്സരിക്കും.